ആധാർ അടിസ്ഥാനമാക്കിയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ

26 (*86) ശ്രീ. എം.എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അടിസ്ഥാനമാക്കി ബാങ്കുവഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിനായി ഒരുക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാം ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇല്ല.

(ബി - സി) പ്രസക്തമല്ല.

മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിലെ പരിശോധന

27 (*87) ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിലെ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും സ്ഥിതി നിരീക്ഷിക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും സ്ഥിരം സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിൽ നടത്തിയ പരിശോധനകളിൽ വൃത്തിഹീനവും വാസയോഗ്യമല്ലാത്തതുമായ താമസസ്ഥലങ്ങൾ, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അസൗകര്യങ്ങൾ, കടിവെള്ള ദൗർലഭ്യത, മതിയായ താമസസൗകര്യം അനുവദിക്കാതിരിക്കുക തുടങ്ങിയ നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, സ്ഥലപരിമിതി കണക്കിലെടുക്കാതെ ഒരു മുറിയിൽ ഒന്നിലധികം കുടുംബങ്ങളെ ഒരുമിച്ച് താമസിപ്പിച്ച് വരുന്നതായും പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിശോധനകളിൽ കണ്ടെത്തിയ നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ മറുനാടൻ തൊഴിലാളികൾക്കായി വൃത്തിയുള്ളതും വാസയോഗ്യവുമായ താമസസൗകര്യങ്ങൾ നൽകുന്നതിനും ശുചിത്വമുള്ള ശൗചാലയങ്ങളും കടിവെള്ള സൗകര്യവും മറ്റ് പ്രാഥമിക സൗകര്യങ്ങളും തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്നതിനും തൊഴിലുടമയ്ക്കും കരാറുകാരനും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ മറുനാടൻ തൊഴിലാളികൾ വൃത്തിഹീനമായ പാർപ്പിടങ്ങളിൽ താമസിക്കുന്ന പക്ഷം ആ വിവരം ജില്ലാ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി തൊഴിലുടമയ്ക്കും കരാറുകാരനും നൽകുന്ന നിർദ്ദേശം സമയബന്ധിതമായി പാലിക്കപ്പെടാത്ത സാഹചര്യത്തിൽ ടിയാൻമാർക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഔഷധ വില നിയന്ത്രണം

28 (*88) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഔഷധ വില നിയന്ത്രണ നിയമത്തിൽ ഇളവു വരുത്തിയത് സംസ്ഥാനത്ത് മരുന്നുകൾക്ക് വില കുതിച്ചുയരുവാൻ കാരണമായത് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly